"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഉന്നത് വിദ്യാഭ്യാസ വകുപ്പ്- ധർമ്മടം നിയോജക മണ്ഡലം- ഗവ. ബ്രണ്ണൻ കോളേജിലെ മെൻസ്, വിമൻസ് ഹോസ്റ്റലിന്റെ പുനരുദ്ധാരണ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി - ഉത്തരവാകുന്നു.

---

ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്

**സ.ഉ.(സാധാ) നം.431/2020/ഉ.വി.വ** തിരുവനന്തപുരം, തീയതി: 16/03/2020

---

പരാമർശം:- 1. സ.ഉ(സാധാ)നം.7171/2019/ധന തീയതി 05.09.2019.

2. ധനകാര്യ (നോഡൽ സെന്റർ-സി) വകുപ്പിന്റെ 20.02.2020-ലെ എൻ.സി.സി-3/30/2019/ധന നം.അനൗദ്യോഗിക കുറിപ്പ്.

3. പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എൻജിനീയറുടെ 20.12.2019 -ലെ CE/BL/PLG/LAC-ADS/KNR/587/2019/BL നം. കത്ത്.

4. കണ്ണൂർ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണറുടെ 03.02.2020 ലെ ആർ.ഡി.6/314/2020 നം. കത്ത്.

**ഉത്തരവ്**

ധർമ്മടം നിയോജക മണ്ഡലത്തിലെ പെരളശ്ശേരി എ കെ ജി സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി 2016-17 വർഷം ധർമ്മടം എം.എൽ.എ (ബഹു.മുഖ്യമന്ത്രി) യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് ഒരു കോടി രൂപ അനുവദിക്കുകയുണ്ടായി. എന്നാൽ കിഫ്ബി അനുവദിച്ച 5 കോടി രൂപയ്ക്ക് ടി കെട്ടിടം പൂർത്തിയായതിനാൽ ടി സ്കൂളിന് അനുവദിച്ച 1 കോടി രൂപ ഗവ.ബ്രണ്ണൻ കോളേജിലെ മെൻസ്, വിമൻസ് ഹോസ്റ്റലിന്റെ പുനരുദ്ധാരണത്തിന് വകമാറ്റി വിനിയോഗിക്കുന്നതിന് പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം പ്രത്യേകാനുമതി നൽകുകയുണ്ടായി. 2016-17 സാമ്പത്തിക വർഷം അനുവദിച്ച പ്രവൃത്തിയുടെ തുടർ നടപടി സർക്കാർ തലത്തിൽ സ്വീകരിക്കണമെന്നതിനാൽ തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജിലെ മെൻസ്, വിമൻസ് ഹോസ്റ്റലിന്റെ പുനരുദ്ധാരണ പ്രവൃത്തിയ്ക്ക് പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ പരാമർശം 3 പ്രകാരം ലഭ്യമാക്കിയിട്ടുള്ള ഒരു കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകണമെന്ന് പരാമർശം 4 പ്രകാരം കണ്ണൂർ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മിഷണർ സർക്കാരിനോട് അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2016-17 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും പെരളശ്ശേരി എ കെ ജി സ്മാരക ഗവ. ഹയർ സെക്കന്ററി

സ്കൂളിന് അനുവദിച്ച തുക വകമാറ്റിയതിൻ പ്രകാരം ഗവ. ബ്രണ്ണൻ കോളേജിലെ മെൻസ്, വിമൻസ് ഹോസ്റ്റലുകളുടെ പുനരുദ്ധാരണ പ്രവർത്തനത്തിനായി പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ 1 കോടി (ഒരു കോടി) രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വിജയകുമാർ ആർ.

അഡീഷണൽ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് കെട്ടിട വിഭാഗം,
തിരുവനന്തപുരം.
ജില്ലാ കളക്ടർ, കണ്ണൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം.
ധനകാര്യ (നോഡൽ സെന്റർ -സി) വകുപ്പ്.
www.highereducation.kerala.gov.in
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ